**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**തിരുവനന്തപുരം , നടപടിക്രമം**

---

വിഷയം:- ആവഡ- ജീവനക്കാര്യം -പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ.ശ്രീനാഥ് .എസ് .പിള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ,തിരുവനന്തപുരം മുൻപാകെ ഫയൽ ചെയ്ത 1999/24 നമ്പർ കേസിന്മേലുള്ള 01/01/2025 ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഉത്തരവ് -പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. ഒ.എ 1999/24 നമ്പർ കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 01/01/2025 തീയതിയിലെ ഉത്തരവ്

2.പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ.ശ്രീനാഥ് .എസ് .പിള്ള സമർപ്പിച്ച Annexure A4 പ്രകാരമുള്ള 01/10/2024 ലെ നിവേദനം

3. ഉത്തരവ് നം. ഇ.ബി 4-2878/24/ആവഡ തീയതി 17-01-2025

**ഉത്തരവ് നം. ഇ.ബി 4-2878/24/ആവഡ തീയതി: 09-02-2025**

---

പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.ശ്രീനാഥ് .എസ് .പിള്ള ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലേക്ക് സ്ഥലമാറ്റം അനുവദിക്കുന്നതിനായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ 1999/24 നമ്പർ ഒ.എ ഫയൽ ചെയ്തിരുന്നു. ആയതിൽ പരാമർശം 1 പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച വിധിയിൽ അപേക്ഷകൻ Annexure A4 പ്രകാരം സമർപ്പിച്ച ഹർജി വിധി പകർപ്പ് ലഭ്യമായി ഒരു മാസത്തിനകം രണ്ടാം റെസ്പൊൺഡെൻറ് ആയ ആരോഗ്യവകുപ്പ് ഡയറക്ടർ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു .

2. പരാമർശം 2 ലെ Annexure 4 നിവേദനത്തിൽ താഴെപ്പറയുന്ന വാദങ്ങളാണ് അപേക്ഷകൻ ഉന്നയിച്ചിരിക്കുന്നത്

2023 ലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ പൊതുസ്ഥലംമാറ്റത്തിൽ not opted place ആയ നെടുങ്കണ്ടം താലൂക്കാശുപത്രിയിലേക്ക് തന്നെ സ്ഥലംമാറ്റി നിയമിച്ചിരുന്നു. പീഡിയാട്രിക്സ് വിഭാഗം കൺസൽട്ടൻറ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം മുഖേന ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലേക്ക് പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ വരുന്ന ഒഴിവിലേക്ക് തന്നെ പരിഗണിക്കണം.

3. മേൽപ്പറഞ്ഞ വാദഗതി വിശദമായി പരിശോധിച്ചു .

ജനറൽ ആശുപത്രി ചങ്ങനാശ്ശേരിയിലേക്ക് പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ സ്ഥലംമാറ്റത്തിനായി 2 അപേക്ഷകളാണ് ലഭ്യമായത്

1.ഡോ.ശ്രീനാഥ്.എസ്.പിള്ള ,താലൂക്കാശുപത്രി നെടുങ്കണ്ടം,ഇടുക്കി

2.ഡോ.സൂസൻ എബ്രഹാം ,ജില്ലാ ആശുപത്രി ,ഇടുക്കി

മേൽ അപേക്ഷകളിൽ സ്ഥലംമാറ്റത്തിനായുള്ള സ്റ്റേഷൻ സീനിയോറിറ്റി പരിഗണിക്കുമ്പോൾ ഡോ.സൂസൻ എബ്രഹാം eligible ആയിരുന്നു. എന്നാൽ ടിയാൾ സ്ഥലംമാറ്റ അപേക്ഷ സമർപ്പിച്ചതിൽ ജനറൽ ആശുപത്രി ചങ്ങനാശ്ശേരിയിലേക്കുള്ള അപേക്ഷ തല്ക്കാലം പരിഗണിക്കേണ്ട എന്ന് 16/01/2025 തീയതിയിലെ ഇ-മെയിൽ മുഖാന്തരം അറിയിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ ഡോ.ശ്രീനാഥ്.എസ്.പിള്ളയ്ക്ക് ജനറൽ ആശുപത്രി ചങ്ങനാശ്ശേരിയിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ ഒഴിവിൽ പരാമർശം 3 പ്രകാരം അപേക്ഷകന്റെ Annexure 4 നിവേദനം പരിഗണിച്ച് സ്ഥലമാറ്റം ഇതിനകം അനുവദിച്ച് ഉത്തരവായിരുന്നു.

4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യുണലിന്റെ ഒ.എ നമ്പർ 1999/24 കേസിന്മേലുള്ള പരാമർശം 1 വിധിന്യായം ഇപ്രകാരം അനുപാലിച്ചു കൊള്ളുന്നു .

Signed by
Reena K J
Date: 09-02-2025 10:53:58

ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:-

ഡോ.ശ്രീനാഥ്.എസ്.പിള്ള ,ജൂനിയർ കൺസൽട്ടൻറ്
(പീഡിയാട്രിക്സ്)

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനറൽ ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )
2.അഡിഷണൽ ചീഫ് സെക്രട്ടറി,ആരോഗ്യ കുടുംബ ക്ഷേമ (എ )വകുപ്പ് (ആമുഖ കത്ത് സഹിതം )